Kerala Prisons &
Correctional Services

Prisons & Correctional
Services Headquarters
Poojappura,
Thiruvanathapuram-12
:0471-2342532
:keralaprisons@gov.in
Dated : 17-07-2020

Office Circular No 61

സംസ്ഥാനത്തെ ജയിലുകളേയും കോടതികളേയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺഫറൻസിംഗ് സിസ്റ്റം കെൽട്രോൺ മുഖേന സ്ഥാപിച്ച് വരുകയാണ്. സ്റ്റുഡിയോ സംവിധാനം ഇല്ലാത്ത ജയിലുകളിൽ സ്റ്റുഡിയോ സജ്ജീകരിക്കുന്ന പ്രവർത്തിയും കെൽട്രോൺ മുഖേനെയാണ് ചെയ്തു വരുന്നത് .കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സ്റ്റുഡിയോ സജ്ജീകരിക്കുന്നതിലും ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിലും നിലവിൽ കാലതാമസം നേരിടുന്നുണ്ട്. അത് കാരണം ചില ജയിലുകളിൽ സ്റ്റുഡിയോ സജ്ജീകരിക്കുന്നതിനു മുൻപ് തന്നെ കെൽട്രോൺ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന സ്ഥിതിയുണ്ട്. ഇത്തരം സാഹചര്യത്തിൽ ടി ഉപകരണങ്ങൾ ഫലപ്രദമായി സൂക്ഷിച്ച് ഉപയോഗിക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1, അത്തരം ജയിലുകൾ സ്റ്റുഡിയോ സജ്ജീകരിക്കുന്നത് വരെ കാത്തുനിൽക്കാതെ തന്നെ ടി ഉപകരണങ്ങൾ സ്റ്റുഡിയോ സജ്ജീകരിക്കുന്നതിനായി മാറ്റി വച്ചിട്ടുള്ള റൂമിൽ സ്ഥാപിച്ച് ഉപയോഗിച്ച് തുടങ്ങേണ്ടതാണ്. ടി മുറി മറ്റു ആവശ്യത്തിനായി ഉപയോഗിക്കാതെ വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.

2, പിന്നീടു ടി ജയിലുകളിൽ സ്റ്റുഡിയോ സജ്ജീകരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എത്തുമ്പോൾ നിലവിൽ ഉപയോഗിച്ച് വരുന്ന വി.സി. ഉപകരണങ്ങൾ കെൽട്രോൺ ഉദ്യോഗസ്ഥർ മുഖേന സുരക്ഷിതമായി മറ്റു എവിടെയെങ്കിലും മാറ്റി സ്റ്റുഡിയോ സജ്ജീകരിക്കുന്നതിനുള്ള സൌകര്യം നൽകേണ്ടതാണ്. സ്റ്റുഡിയോ സജ്ജീകരിക്കുന്ന പ്രവർത്തി പൂർത്തിയാക്കിയാൽ ഉടൻ തന്നെ കെൽട്രോൺ ഉദ്യോഗസ്ഥർ മുഖേന ടി ഉപകരണങ്ങൾ സ്റ്റുഡിയോയിൽ തിരികെ സ്ഥാപിച്ച് പ്രവർത്തിപ്പിക്കേണ്ടതാണ്.

3, ടി ഉപകരണങ്ങൾ അവിടെത്തന്നെ നിലനിർത്തികൊണ്ട് സ്റ്റുഡിയോ ജോലികൾ നടത്തുന്ന പക്ഷം പൊടി കയറുകയോ ജയിൽ ഉദ്യോഗസ്ഥരോ മറ്റ് ആരെങ്കിലുമോ അലക്ഷ്യമായി കൈ കാര്യം ചെയ്യുത് കാരണമോ ഉപകരണങ്ങൾ കേടാകുന്ന പക്ഷം വാറണ്ടി ലഭ്യമാകാതെ വരുവാൻ സാധ്യതയുണ്ട്.

4, അത്തരം സാഹചര്യമുണ്ടായാൽ അതിനു ഉത്തരവാദികളായ ഉദ്യോഗസ്ഥർ സ്വന്തം ചെലവിൽ ഉപകരണങ്ങൾ റിപ്പയർ ചെയ്തു പ്രവർത്തനക്ഷമം ആക്കേണ്ടതായി വരുമെന്ന് മുന്നറിയിപ്പ് നൽകുന്നു.

Rishi Raj Singh IPS
Director General of Prisons & Correctional Services

TC1-15943/2020/PrHQ

210c3e

To : ഡി.ഐ.ജി ഓഫ് പ്രിസൺസ്
ദക്ഷിണ മേഖല/ മദ്ധ്യ മേഖല/ ഉത്തര മേഖല
എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും